2025 OCTOBER
09
THURSDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# മൊബൈൽ സേവനദാതാക്കളുടെ പട്ടിക
# ബിഎസ്എൻഎല്ലിന് വൻ കുതിപ്പ്

**ന്യൂഡൽഹി:** ഓഗസ്റ്റിൽ ഏറ്റവും കൂടുതൽ വയർലെസ് വരിക്കാരെ ചേർത്ത മൊബൈൽ സേവനദാതാക്കളുടെ പട്ടികയിൽ പൊതുമേഖല സ്ഥാപനം ബിഎസ്എൻഎല്ലിന് വൻ കുതിപ്പ്.

ഭാരതി എയർടെല്ലിനെ മറികടന്ന് പുതിയ ഉപയോക്താക്കളുടെ പട്ടികയിൽ ബിഎസ്എൻഎൽ രണ്ടാം സ്ഥാനത്തെത്തി. ഒന്നാംസ്ഥാനത്ത് റിലയൻസ് ജിയോയാണ്. മറ്റ് മൊബൈൽ സേവനദാതാക്കൾ വരിക്കാരുടെ എണ്ണം ഉയർത്തിയപ്പോൾ വോഡഫോൺ ഐഡിയയ്ക്ക് തിരിച്ചടി നേരിട്ടു.

വരിക്കാരുടെ എണ്ണത്തിൽ ഇന്ത്യയിലെ ഒന്നാം സ്ഥാനക്കാരായ ജിയോ ഓഗസ്റ്റിൽ 19.50 ലക്ഷത്തോളം പേരെയാണ് നേടിയത്. 13.85 ലക്ഷം ഉപയോക്താക്കളെയാണ് ബിഎസ്എൻഎല്ലിന് ലഭിച്ചത്. ഭാരതി എയർടെല്ലിന് 4.96 ലക്ഷം പുതിയ ഉപഭോക്താക്കളെ കിട്ടി. വോഡഫോൺ ഐഡിയയ്ക്ക് ഓഗസ്റ്റിൽ 3.08 ലക്ഷത്തിലധികം ഉപയോക്താക്കളെയാണ് നഷ്ടമായത്. ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ (ട്രായി) ആണ് കണക്കുകൾ പുറത്തുവിട്ടത്.

ഓഗസ്റ്റ് അവസാനത്തോടെ ജിയോയ്ക്ക് 47.94 കോടി വയർലെസ് വരിക്കാരുണ്ട്. എയർടെല്ലിന് 39.197 കോടി, വോഡഫോൺ ഐഡിയയ്ക്ക് (വീ) 20.355 കോടി, ബിഎസ്എൻഎല്ലിന് 9.175 കോടി വരിക്കാരുമാണുള്ളത്.

രാജ്യത്ത് ആകെയുള്ള ടെലിഫോൺ സബ്സ്ക്രൈബേഴ്സിന്റെ എണ്ണം 122.45 കോടിയായി ഉയർന്നു. ജൂലൈയിൽ ഇത് 122 കോടിയായിരുന്നു. ഓഗസ്റ്റിൽ പുതുതായി 35.19 ലക്ഷം ഉപയോക്താക്കൾ മൊബൈൽ സെഗ്മെൻറിൽ വന്നതോടെയാണിത്. മൊബൈൽ വരിക്കാരിൽ 117 കോടിയും വയർലൈൻ വരിക്കാർ 4.65 കോടി കോടിയുമാണുള്ളത്.

ബിഎസ്എൻഎൽ വലിയ തോതിൽ ഉപയോക്താക്കളുടെ എണ്ണത്തിൽ നേട്ടമുണ്ടാക്കിയത് 2024 സെപ്റ്റംബറിലാണ്. സ്വകാര്യ ടെലികോം സേവനദാതാക്കൾ നിരക്ക് വർധിപ്പിച്ചതിന് പിന്നാലെയാണ് ബിഎസ്എൻഎല്ലിലേക്ക് അന്ന് ഒഴുക്കുണ്ടായത്. അന്ന് 3 ജി സർവീസ് മാത്രമായിരുന്നു പൊതുമേഖല സ്ഥാപനം നല്കിയത്. ഇപ്പോൾ 4ജി സർവീസ് ആരംഭിച്ചതോടെ കൂടുതൽ ഉപയോക്താക്കളെ നേടിയെടുക്കാമെന്നാണ് ബിഎസ്എൻഎല്ലിന്റെ പ്രതീക്ഷ.

ബ്രോഡ്ബാൻഡ് സെഗ്മെൻറിൽ റിലയൻസ് ജിയോ തന്നെയാണ് മുന്നിൽ. ആകെ ഉപയോക്താക്കൾ 50 കോടി കടന്നു. ഭാരതി എയർടെൽ (30.9 കോടി), വോഡഫോൺ ഐഡിയ (12.7 കോടി), ബിഎസ്എൻഎൽ (3.43 കോടി), ആട്രിയ കൺവെർജൻസ് (23.5 ലക്ഷം) എന്നിങ്ങനെയാണ്.

അതേസമയം, വയർലൈൻ സബ്സ്ക്രൈബേഴ്സിൽ ടാറ്റ ടെലിസർവീസ് 1.17 ലക്ഷം പുതിയ കണക്ഷനുകൾ സ്വന്തമാക്കി മുന്നിലെത്തി. ഭാരതി എയർടെൽ 1.08 ലക്ഷവും വോഡഫോൺ ഐഡിയ 24,000 ഉപയോക്താക്കളെയും സ്വന്തമാക്കി.

ഇതിൽ ജിയോക്ക് വലിയ തിരിച്ചടി നേരിടേണ്ടി വന്നു. 15.51 ലക്ഷം ഉപയോക്താക്കളെയാണ് നഷ്ടപ്പെട്ടത്. പൊതുമേഖല സ്ഥാപനമായ എംടിഎൻഎല്ലിന് 1.87 ലക്ഷം ഉപയോക്താക്കളെ നഷ്ടമായി. ബിഎസ്എൻഎല്ലിന് 5,647 കണക്ഷനുകളും ഓഗസ്റ്റിൽ കൈവിട്ടുപോയി.

മെഷീൻ ടു മെഷീൻ (എം2എം) സെല്ലുലാർ കണക്ഷൻ മേഖലയിൽ ഭാരതി എയർടെൽ 5.26 കോടി കണക്ഷനുമായി ഒന്നാമതെത്തി. വിപണി വിഹിതം 58.66 ശതമാനമാക്കി ഉയർത്തി. വോഡഫോൺ ഐഡിയ (19.4 %), റിലയൻസ് ജിയോ (17.94 %), ബിഎസ്എൻഎൽ (4.01 %) എന്നിവരാണ് പിന്നിൽ.

## രാജ്യത്ത് 117.8 കോടി മൊബൈൽ വരിക്കാർ

**ന്യൂദൽഹി:** രാജ്യത്ത് മൊബൈൽ വരിക്കാരുടെ എണ്ണം 117.8 കോടി എത്തിയതായി ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ (ട്രായ്). മൊബൈൽ, ബ്രോഡ്ബാൻഡ്, വയർലെസ് സേവനങ്ങൾ നഗരങ്ങളിലും ഗ്രാമങ്ങളിലും സ്ഥിരവളർച്ച രേഖപ്പെടുത്തുന്നതായും ട്രായ് വ്യക്തമാക്കി. ആക്റ്റീവ് ആയിട്ടുള്ള മൊബൈൽ വരിക്കാരുടെ എണ്ണം 108.618 കോടിയാണ്.

1.55 കോടി വരിക്കാർ മെച്ചപ്പെട്ട കണക്ടിവിറ്റിക്കായി എംഎൻപിക്ക് (മൊബൈൽ നമ്പർ പോർട്ടബിലിറ്റി) അപേക്ഷ നൽകിയെന്നും ട്രായ് വ്യക്തമാക്കി. മൊത്തം വയർലെസ് വരിക്കാരുടെ എണ്ണം ജൂലൈയിലെ 117.19 കോടിയിൽ നിന്ന് ഓഗസ്റ്റിൽ 117.8 കോടി ആയി ഉയർന്നു. ഇത് 0.52 ശതമാനം പ്രതിമാസ വളർച്ചാനിരക്കാണ്.

നഗരങ്ങളിലെ വരിക്കാർ 0.66 ശതമാനം വർധനയോടെ 64.52 കോടിയായി. ഗ്രാമീണവരിക്കാർ 0.36 ശതമാനം വളർച്ചയോടെ 53 .276 കോടിയായി ഉയർന്നു. വയർലെസ് ടെലിഡെൻസിറ്റി ജൂലൈയിലെ 82.75 ശതമാനത്തിൽനിന്ന് 83.12 ശതമാനമായി വർധിച്ചു.

നഗരങ്ങളിലെ വയർലെസ് ടെലി ഡെൻസിറ്റി 126.38 ശതമാനമായി ഉയർന്നപ്പോൾ, ഗ്രാമീണ ടെലിഡെൻസിറ്റിയിൽ 58.76 ശതമാനം എന്ന നേരിയ പുരോഗതി രേഖപ്പെടുത്തിയതായും ട്രായ് വ്യക്തമാക്കി.

## ഇന്ത്യൻ കാർഷികോൽപന്നങ്ങൾക്ക് ഇറക്കുമതി തീരുവ കുറയ്ക്കുമെന്ന് തായ്‌വാൻ

**ന്യൂദൽഹി:** ഇന്ത്യയിൽ നിന്നുള്ള കാർഷികോൽപന്നങ്ങൾക്ക് ഇറക്കുമതി തീരുവ കുറയ്ക്കുമെന്ന് തായ്‌വാൻ. ഇന്ത്യയ്ക്കെതിരെ ഇറക്കുമതി തീരുവ കൂട്ടിയ അമേരിക്കയ്ക്കും ട്രംപിനും ഉള്ള വലിയ തിരിച്ചടിയാണിത്.

തായ് വാൻ- ആസിയാൻ സ്റ്റഡി സെൻറർ ഡയറക്ടറായ ക്രിസ്റ്റി സു ആണ് ഇക്കാര്യം അറിയിച്ചത്. ഇന്ത്യയുമായി ഒരു സ്വതന്ത്ര വ്യാപാരക്കരാർ ഉണ്ടാക്കാൻ തായ്‌വാൻ ഏറെ ആഗ്രഹിക്കുന്നതായും ക്രിസ്റ്റി സൂ പറഞ്ഞു.

'പത്ത് വർഷം മുൻപേ ഇന്ത്യയുമായി സ്വതന്ത്രവ്യാപാരക്കരാർ ഉണ്ടാക്കുന്നതിനെക്കുറിച്ച് തായ്‌വാൻ പഠനം തുടങ്ങിയിരുന്നു. ഇന്ത്യയിൽ നിന്നുള്ള കാർഷികോൽപന്നങ്ങൾ കുറഞ്ഞ താരിഫിൽ തായ്‌വാൻ ഇറക്കുമതി ചെയ്യാൻ തയ്യാറാണ്. ഒരു സ്വതന്ത്രവ്യാപാരക്കരാറുണ്ടാക്കി അതിന് കീഴിൽ ഇക്കാര്യം നടപ്പിലാക്കാം. ' ക്രിസ്റ്റി സു പറഞ്ഞു.

ഇന്ത്യയുടെ കാർഷിക മേഖലയിലേക്കും പാലുൽപന്ന മേഖലയിലേക്കും തള്ളിക്കയറി വരാൻ അമേരിക്ക ആഗ്രഹം പ്രകടിപ്പിക്കുമ്പോൾ തായ്‌വാന്റെ ഈ വാഗ്ദാനം ഇന്ത്യയ്ക്ക് ഗുണം ചെയ്യുമെന്ന് പറയപ്പെടുന്നു.

അതേ സമയം ചൈനയുമായി എല്ലാ ബന്ധവും ഇല്ലാതാക്കാനാണ് തായ് വാനിലെ കമ്പനികൾ ആഗ്രഹിക്കുന്നതെന്നും ക്രിസ്റ്റി സു പറയുന്നു.

നേരത്തെ ചൈന ഇന്ത്യയിൽ ഉൽപാദിപ്പിക്കുന്ന മരുന്നുൽപന്നങ്ങൾക്ക് പൂജ്യം ഇറക്കുമതി തീരുവ പ്രഖ്യാപിച്ചിരുന്നു. ഇത് ഇന്ത്യയിൽ നിർമ്മിക്കുന്ന മരുന്നിന് 100 ശതമാനം ഇറക്കുമതി തീരുവ പ്രഖ്യാപിച്ച ട്രംപിനുള്ള തിരിച്ചടിയായിരുന്നു.

ICL
Join ICL, Grow with us
ICL Fincorp
ഗോൾഡ് ലോൺ @ 9%*
വാർഷിക പലിശ
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53
*As Per EMI Scheme Basis *T&C Apply

## മധ്യപ്രദേശ് ട്രാവൽ മാർട്ടിന് ശനിയാഴ്ച തുടക്കം

**ഭോപ്പാൽ:** ഇന്ത്യയുടെ ഹൃദയം എന്നറിയപ്പെടുന്ന മധ്യപ്രദേശ്, തങ്ങളുടെ പ്രധാന വിനോദസഞ്ചാര പരിപാടിയായ മധ്യപ്രദേശ് ട്രാവൽ മാർട്ട് (എംപിടിഎം) 2025ന് ആതിഥേയത്വം വഹിക്കാൻ ഒരുങ്ങുന്നു. ഒക്ടോബർ 11 മുതൽ 13 വരെ ഭോപ്പാലിലാണ് പരിപാടി.

മധ്യപ്രദേശ് ടൂറിസം ബോർഡ് സംഘടിപ്പിക്കുന്ന എംപിടിഎം 2025, രാജ്യത്തിനകത്തും പുറത്തുമുള്ള പ്രമുഖ വിനോദസഞ്ചാര പങ്കാളികളെ ഒരുമിപ്പിക്കും. ബിസിനസ് സാധ്യതകൾ തെരയുന്നതിനും പുതിയ പങ്കാളിത്തം രൂപപ്പെടുത്തുന്നതിനും ഈ വേദി പ്രയോജനകരമാകും. പൈതൃകം, ആത്മീയത, വന്യജീവികൾ, സാഹസികത, സംസ്കാരം എന്നിവ സമന്വയിക്കുന്ന സംസ്ഥാനത്തിന്റെ വൈവിധ്യമാർന്ന കാഴ്ചകൾ ആഘോഷമാക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം.

കേന്ദ്ര ടൂറിസം, സാംസ്കാരിക മന്ത്രി ഗജേന്ദ്ര സിങ് ഷെഖാവത്ത് ഉൾപ്പെടെയുള്ള പ്രമുഖ വ്യക്തികൾ ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുക്കും. സമന്വയിപ്പിക്കുക, നൂതനമാക്കുക, പ്രചോദിപ്പിക്കുക എന്ന വിഷയത്തെ അടിസ്ഥാനമാക്കിയുള്ള പാനൽ ചർച്ചകൾ, മധ്യപ്രദേശിനെ ലോകോത്തര വിനോദസഞ്ചാര കേന്ദ്രമായി വികസിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കും. സിനിമാറ്റിക് ടൂറിസത്തിലെ സംസ്ഥാനത്തിന്റെ സാധ്യതകൾക്കും ഡെസ്റ്റിനേഷൻ വെഡ്ഡിങ്ങുകൾക്കും പ്രത്യേക ഊന്നൽ നൽകും.



ട്രാവൽ മാർട്ടിന്റെ അവസാന ദിവസം അന്താരാഷ്ട്ര ബയർമാരും പ്രാദേശിക സെല്ലർമാരും തമ്മിലുള്ള ബി2ബി മീറ്റിങ്ങുകൾക്കായി നീക്കിവച്ചിരിക്കുന്നു. വിദേശ ടൂർ ഓപ്പറേറ്റർമാരുമായി സഹകരണം വർധിക്കാൻ ഇതു സഹായിക്കുമെന്നാണ് പ്രതീക്ഷ. സുസ്ഥിര വിനോദസഞ്ചാര വളർച്ചയ്ക്കുള്ള പുതിയ തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും മധ്യപ്രദേശിന്റെ സമാനതകളില്ലാത്ത സാധ്യതകൾ ലോകവുമായി പങ്കുവയ്ക്കുന്നതിനും എംപിടിഎം 2025 ലക്ഷ്യമിടുന്നു.

# ശ്രീശൻ ഫാർമസ്യൂട്ടിക്കൽസിന്റെ ഒരു മരുന്നും സംസ്ഥാനത്ത് വിൽക്കാൻ പാടില്ല

**തിരുവനന്തപുരം:** തമിഴ്നാട് കാഞ്ചിപുരത്ത് പ്രവർത്തിക്കുന്ന Sresan ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനത്തിന്റെ ലൈസൻസ് ക്യാൻസൽ ചെയ്യുന്നതിനുള്ള നടപടികൾ തമിഴ്നാട് ഡ്രഗ്സ് കൺട്രോളർ എടുത്തിട്ടുള്ള സാഹചര്യത്തിൽ ആ കമ്പനിയുടെ എല്ലാ മരുന്നുകളും കേരളത്തിൽ വിതരണം നിർത്തിവയ്പ്പിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്.

ഗുജറാത്തിലെ Rednex Pharmaceuticals Pvt. Ltd. Ahamdabad നിർമ്മിച്ച Respifresh TR, 60mls yrup, Batch. No. R01GL2523 എന്ന മരുന്ന് ഗുണനിലവാരം ഇല്ലെന്ന് ഗുജറാത്ത് ഡ്രഗ്സ് കൺട്രോളർ അറിയിച്ച സാഹചര്യത്തിൽ സംസ്ഥാനത്ത് ഈ മരുന്നിന്റെ വിതരണവും വിൽപ്പനയും ഡ്രഗ്സ് കൺട്രോൾ വകുപ്പ് അടിയന്തരമായി നിർത്തിവയ്പ്പിച്ചു. സംസ്ഥാനത്ത് 5 വിതരണക്കാരാണ് ഈ മരുന്ന് വിതരണം നടത്തുന്നത്. അവർക്ക് മരുന്ന് വിതരണം നിർത്തിവയ്ക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ഈ മരുന്ന് വിൽപന നടത്തുന്നവർക്കെതിരെ കർശന നടപടിസ്വീകരിക്കും. ഈ മരുന്ന് കൈവശമുള്ളവർ ഉപയോഗിക്കരുത് എന്ന് അഭ്യർത്ഥിക്കുന്നു.

ഈ മരുന്നുകൾ സർക്കാർ ആശുപത്രികൾ വഴി വിതരണം ചെയ്യുന്നില്ല. അംഗീകൃത ഡോക്ടറുടെ കുറിപ്പടി ഇല്ലാതെ 12 വയസിന് താഴെയുള്ള കുട്ടികൾക്ക് വേണ്ടി മരുന്ന് നൽകുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ മന്ത്രി നിർദേശം നൽകി.

# അർജന്റീന ഫുട്ബോൾ മത്സരം: മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നു

**കൊച്ചി:** അർജന്റീന ഫുട്ബോൾ മത്സരവുമായി ബന്ധപ്പെട്ട തയ്യാറെടുപ്പുകൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രി യുടെ അധ്യക്ഷതയിൽ യോഗം ചേർന്നു. നവംബർ മാസം കൊച്ചി ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിലാണ് മത്സരം നടക്കുക. സ്റ്റേഡിയം ലോകോത്തര നിലവാരത്തിൽ ഉയർത്തുന്നതിനുള്ള അറ്റകുറ്റ പണികൾ ഉടൻ പൂർത്തിയാക്കും. കർശന സുരക്ഷ സംവിധാനങ്ങൾ ഒരുക്കും. ഫാൻ മീറ്റ് നടത്താനുള്ള സാധ്യതകൾ ചർച്ച ചെയ്തു. പാർക്കിങ്, ആരോഗ്യ സംവിധാനങ്ങൾ, ശുദ്ധജല വിതരണം, വൈദ്യുതി വിതരണം, മാലിന്യ സംസ്കരണം തുടങ്ങിയ ക്രമീകരണം ഏർപ്പാടാക്കും.

വിവിധ വകുപ്പുകളുടെ ഏകോപിതമായ പ്രവർത്തനം ഉണ്ടാകണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു. മത്സരവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഏകോപിപ്പിക്കാൻ ഒരു ഐ എ എസ് ഓഫീസറെ നിയമിക്കും. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സമിതി സംസ്ഥാനതലത്തിൽ പ്രവർത്തിക്കും. ജില്ലാതലത്തിൽ ജില്ലാ കളക്ടർക്കാരിയിരിക്കും ഏകോപന ചുമതല.

മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ മന്ത്രിമാരായ വി അബ്ദുറഹ്മാൻ, പി രാജീവ്, എംബി രാജേഷ്, ചീഫ് സെക്രട്ടറി ഡോ. എ ജയതിലക്, സംസ്ഥാന പോലീസ് മേധാവി റവാഡ ചന്ദ്രശേഖർ തുടങ്ങിയവരും വിവിധ വകുപ്പ് മേധാവികളും ബന്ധപ്പെട്ടവരും പങ്കെടുത്തു.

# വീണ്ടും കതിരണിയാൻ ഒരുങ്ങി കരീച്ചാൽ പാടശേഖരം

**കൊച്ചി:** ആലങ്ങാട് ഗ്രാമപഞ്ചായത്തിലെ പാനായിക്കുളത്ത് വർഷങ്ങളായി തരിശായി കിടന്ന കരീച്ചാൽ പാടശേഖരം വീണ്ടും കതിരണിയിക്കാൻ ഒരുങ്ങുന്നു. നൂറ് ഏക്കർ വരുന്ന കരീച്ചാൽ പാടശേഖരത്തിൽ 40 ഏക്കറിലാണ് പാടശേഖര സമിതിയുടെയും പഞ്ചായത്തിന്റെയും കൃഷിഭവന്റെയും സഹകരണത്തോടെ കൃഷി ഇറക്കിയത്.

ആദ്യഘട്ടമായി രണ്ടാം വിളയായ മുണ്ടകനാണ് പാടശേഖരത്തിൽ വിതച്ചത്. പരമ്പരാഗത രീതിയിൽ തികച്ചും ജൈവികമായിട്ടാണു കൃഷി ചെയ്യുന്നത്. കൂടുതൽ വിളവു ലഭിക്കുന്ന ജ്യോതി ഇനത്തിൽപെട്ട വിത്താണ് വിതച്ചത്. ആലങ്ങാട് പഞ്ചായത്തിലെ തരിശായി കിടക്കുന്ന മറ്റ് പാടശേഖരങ്ങളിലും നെൽകൃഷിക്കുള്ള ഒരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് പ്രസിഡന്റ് പി.എം. മനാഫ് പറഞ്ഞു.

# അഭിമുഖം

**കൊച്ചി:** കൊല്ലം ജില്ലയിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർഗ്രേഡ് 2 തസ്തികയിലേക്ക് ജൂലൈ 19ന് പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ഒക്ടോബർ 9, 10 തീയതികളിലായി കൊല്ലം ജില്ലാ പി.എസ്.സി ഓഫീസിൽ ഇന്റർവ്യൂ നടക്കും. ഉദ്യോഗാർത്ഥികൾക്ക് ഇതിനോടകം എസ്.എം.എസ്, പ്രൊഫൈൽ മെസേജ് എന്നിവ മുഖേന അറിയിപ്പ് അയച്ചിട്ടുണ്ട്. അറിയിപ്പ് ലഭിച്ചിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ കൊല്ലം ജില്ലാ പി.എസ്.സി. ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 04742743624



# ആഗോള സുസ്ഥിര വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പട്ടികയിൽ ബേപ്പൂർ

**കോഴിക്കോട്:** ബേപ്പൂരിലെ വിനോദസഞ്ചാര വികസനത്തിന് അന്താരാഷ്ട്ര അംഗീകാരം. നെതർലൻഡ്സ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗ്രീൻ ഡെസ്റ്റിനേഷൻസ് സംഘടനയുടെ ആഗോള സുസ്ഥിര വിനോദ സഞ്ചാര കേന്ദ്രങ്ങളെ അടയാളപ്പെടുത്തുന്ന നൂറ് ഗ്രീൻ ഡെസ്റ്റിനേഷൻസ് 2025 പട്ടികയിലാണ് ബേപ്പൂർ സ്ഥാനം പിടിച്ചത്. സംസ്കാരവും പൈതൃകവും എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് അംഗീകാരം. ഏഷ്യയിലെ 32 വിനോദസഞ്ചാര കേന്ദ്രങ്ങൾ ഉൾപ്പെട്ട പട്ടികയിൽ ഇന്ത്യയിൽ നിന്ന് ബേപ്പൂരും തമിഴ്നാട്ടിലെ മഹാബലിപുരവുമാണ് തിരഞ്ഞെടുക്കപ്പെട്ടത്. ഏഷ്യാ പസഫിക് സിറ്റീസ് കോൺഫറൻസിനോടനുബന്ധിച്ച് ഈ മാസം അവസാനം ദുബായിൽ നടക്കുന്ന 'സുസ്ഥിര വിനോദസഞ്ചാര ഫോറ'ത്തിൽ അംഗീകാര സാക്ഷ്യപത്രം സമ്മാനിക്കും.

ബേപ്പൂരിന്റെ ചരിത്രപരമായ പ്രാധാന്യം, മാരിടൈം ബന്ധങ്ങൾ, നൂറ്റാണ്ടുകളായി തുടർന്നുവരുന്ന ഉരു നിർമ്മാണം, സാഹിത്യ വിനോദസഞ്ചാര സർക്യൂട്ട്, പ്രകൃതിയെയും സമൂഹത്തെയും പരിഗണിച്ചുള്ള സുസ്ഥിര വിനോദസഞ്ചാര വികസനം എന്നിവ അംഗീകാരത്തിനായി പരിഗണിക്കപ്പെട്ടു. ഉരു പൈതൃക സംരക്ഷണം, വിനോദസഞ്ചായുടെ ഉൽപന്നമെന്ന നിലയിലുള്ള പ്രചാരണം എന്നീ മേഖലകളിൽ ബേപ്പൂരിൽ നടക്കുന്ന പ്രവർത്തനങ്ങൾ പ്രത്യേക പ്രശംസ നേടി. സുസ്ഥിരവികസന ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട മുപ്പത് സൂചികകളുടെ റിപ്പോർട്ട് ഇതിനായി സമർപ്പിച്ചിരുന്നു. കോഴിക്കോട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ നേതൃത്വത്തിലാണ് പ്രവൃത്തികൾ ഏകോപിപ്പിച്ചത്.

കഴിഞ്ഞ നാലുവർഷമായി വിനോദസഞ്ചാര പൊതുമരാമത്ത് വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസിന്റെ നേതൃത്വത്തിൽ ബേപ്പൂർ കേന്ദ്രീകരിച്ച് ഒട്ടേറെ വിനോദസഞ്ചാര വികസന പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. അടിസ്ഥാനസൗകര്യ വികസനം, അന്താരാഷ്ട്ര ശ്രദ്ധ നേടിയ ബേപ്പൂർ വാട്ടർഫെസ്റ്റ്, ചാമ്പ്യൻസ് ലീഗ് വള്ളംകളി, സാംസ്കാരിക, സാഹിത്യ, ഉത്തരവാദ വിനോദസഞ്ചാര പദ്ധതികൾ എന്നിവയെല്ലാം ലോക വിനോദസഞ്ചാര ഭൂപടത്തിൽ ബേപ്പൂരിനെ അടയാളപ്പെടുത്താൻ കാരണമായിട്ടുണ്ട്.

# വയനാട് വികസന പാക്കേജിൽ 62 കോടിയുടെ പദ്ധതികൾക്ക് സർക്കാർ അനുമതി

**ബത്തേരി:** ജില്ലയുടെ സമഗ്രവും സുസ്ഥിരവുമായ വികസനം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന വയനാട് വികസന പാക്കേജിന്റെ ഭാഗമായി 62 കോടി രൂപയുടെ പദ്ധതികൾക്ക് സർക്കാർ അനുമതി ലഭിച്ചു. വിവിധ മേഖലകളിൽ നിന്ന് തെരഞ്ഞെടുത്ത 70 പദ്ധതികൾക്കാണ് സർക്കാർ അംഗീകാരം ലഭിച്ചത്. ജില്ലാ വികസന കോൺക്ലേവ് മുഖേനയും വിവിധ വകുപ്പുകളിലൂടെയും ലഭ്യമായ 200 കോടിയോളം രൂപയുടെ പദ്ധതികളിൽ നിന്ന് വിവിധ തലങ്ങളിലുള്ള സൂക്ഷ്മ പരിശോധനയിലൂടെ ജില്ലയുടെ ഏറ്റവും അത്യാവശ്യങ്ങളായ 75 പദ്ധതികളാണ് സർക്കാരിന് സമർപ്പിച്ചിരുന്നത്. ഇവയിൽ 70 എണ്ണത്തിന് അംഗീകാരം ലഭിച്ചു.

ഇപ്പോൾ അംഗീകാരം ലഭിച്ച 62 കോടി രൂപയുടെ 70 പദ്ധതികൾക്ക് ഒരാഴ്ചയ്ക്കുള്ളിൽ ജില്ലാതല ഭരണാനുമതി നൽകി എത്രയും പെട്ടെന്ന് നിർവഹണം ആരംഭിക്കാനാണ് ജില്ലാ ഭരണകൂടത്തിന്റെ തീരുമാനം. മരിയനാട് പുനരധിവാസ പദ്ധതിയിലുൾപ്പെട്ട തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി വയനാട് വികസന പാക്കേജിൽ ഉൾപ്പെടുത്തിയ 5 കോടി രൂപയുടെ പ്രത്യേക പദ്ധതിയും നടപ്പിലാക്കുന്നതിന്റെ അന്തിമ ഘട്ടത്തിലാണുള്ളത്. ഇത് കൂടി ഉൾപ്പെടുമ്പോൾ വയനാട് വികസന പാക്കേജിൽ ആകെ 67 കോടി രൂപയുടെ പദ്ധതികൾക്കാണ് ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ സർക്കാർ അംഗീകാരം ലഭിച്ചത്.

# ഡോക്ടറെ വധിക്കാൻ ശ്രമിച്ച സംഭവം: ഗാസ്ട്രോഎന്ററോളജി സംഘടന അപലപിച്ചു

**കൊച്ചി:** താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ ഡോക്ടറെ വധിക്കാൻ ശ്രമിച്ച സംഭവത്തെ ഇന്ത്യൻ സൊസൈറ്റി ഓഫ് ഗാസ്ട്രോഎന്ററോളജി കേരള ചാപ്റ്റർ അതിശക്തമായി അപലപിച്ചു. സമൂഹ നന്മയ്ക്കായി പ്രവർത്തിക്കുന്നവരാണ് ഡോക്ടർമാർ. ലഭ്യമായ സൗകര്യങ്ങളിൽ മികച്ച ചികിത്സ നൽകാനാണ് എല്ലാക്കാലവും സംസ്ഥാനത്തെ ഡോക്ടർമാർ ശ്രമിക്കുന്നത്. എന്നിരുന്നാലും, ചിലപ്പോൾ ചില അനിഷ്ടസംഭവങ്ങൾ സംഭവിക്കാൻ സാധ്യതയുണ്ട്. അതിന്റെ പേരിൽ ആശുപത്രിയിൽ ആക്രമണം നടത്തുന്നതും, ഡോക്ടർമാരെ വധിക്കാൻ വരെ മുതിരുന്നതും ഒരിക്കലും അംഗീകരിക്കുവാൻ സാധിക്കില്ല. ഈ പ്രവണതയ്ക്കെതിരെ പരിഷ്കൃത സമൂഹം ഒറ്റക്കെട്ടായി രംഗത്തെത്തണമെന്ന് സംഘടന ഭാരവാഹികൾ ആവശ്യപ്പെട്ടു. ജോലി സ്ഥലത്ത് ഭയരഹിതമായി ജോലിചെയ്യാനുള്ള ഏതൊരു പൗരന്റെയും മൗലികാവകാശം സംരക്ഷിക്കപ്പെടണം. ആക്രമിക്കപ്പെട്ട ഡോക്ടർക്ക് സംഘടന സമ്പൂർണ്ണ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതായി ഇന്ത്യൻ സൊസൈറ്റി ഓഫ് ഗാസ്ട്രോഎന്ററോളജി കേരള ചാപ്റ്റർ പ്രസിഡന്റ് ഡോ. എസ്. ഇസ്മായിൽ, സെക്രട്ടറി ഡോ. എം. രമേശ്, മീഡിയ കോർഡിനേറ്റർ ഡോ. രാജീവ് ജയദേവൻ എന്നിവർ വാർത്താ കുറിപ്പിലൂടെ അറിയിച്ചു.



# ഗവ. സൈബർപാർക്കിൽ സാൻഡ്ബോക്സിന്റെ മിനി ടെക് പാർക്ക് വരുന്നു

**കോഴിക്കോട്:** മലബാറിലെ സ്റ്റാർട്ടപ്പ് ഐടി ആവാസവ്യവസ്ഥയ്ക്ക് പുതിയ ഉണർവേകി സാൻഡ് ബോക്സ് കമ്പനി ഗവ. സൈബർപാർക്കിൽ മിനി ടെക് പാർക്ക് നിർമിക്കും. കേരള സ്റ്റേറ്റ് ഐടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെഎസ്ടിഐഎൽ) ൽ നിന്നും സൈബർപാർക്കിലെ ഭൂമി പാട്ടത്തിനെടുത്താണ് 30,000 ചതുരശ്രയടി വിസ്തീർണമുള്ള കെട്ടിടം നിർമിക്കുന്നത്.

നിർമാണം പൂർത്തിയാകുമ്പോൾ 600 പേർക്ക് ഒരേസമയം ജോലി ചെയ്യാനുള്ള സൗകര്യം ഇവിടെയുണ്ടാകും. സൈബർപാർക്കിലെ ആദ്യ കോ ഡെവലപർ കൂടിയാണ് സാൻഡ് ബോക്സ്.

മലബാർ മേഖലയുടെ സാങ്കേതികവിദ്യ സംരംഭങ്ങളെ ശക്തിപ്പെടുത്താനും കോഴിക്കോടിനെ നൂതന സാങ്കേതിക വിദ്യയുടെ വളരുന്ന കേന്ദ്രമായി അടയാളപ്പെടുത്താനും ലക്ഷ്യമിട്ടുള്ള സുപ്രധാന ചുവടുവയ്പ്പാണിതെന്ന് സൈബർപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ, സിഒഒ വിവേക് നായർ എന്നിവർ പറഞ്ഞു.

ഐടി ഇടങ്ങൾക്കൊപ്പം സ്റ്റാർട്ടപ്പ് ഇൻകുബേഷൻ സംവിധാനവും ഇവിടെ ഒരുങ്ങുന്നുണ്ട്. സ്റ്റാർട്ടപ്പ് മിഷന്റെ കാമ്പസ് നിലവിൽ ഗവ. സൈബർപാർക്കിൽ പ്രവർത്തിക്കുന്നുണ്ട്. നൂതനമായ തൊഴിലിടങ്ങൾ, സ്മാർട്ട് ഇൻഫ്രാസ്ട്രക്ചർ എന്നിവ സംയോജിപ്പിച്ചു കൊണ്ട് സ്വയംപര്യാപ്തമായ മൈക്രോ ഐടി ഹബ്ബാണ് മിനി ടെക് പാർക്ക് ഒരുക്കുന്നതെന്ന് സാൻഡ് ബോക്സിന്റെ സ്ഥാപകനും സിഇഒയുമായ അഹമ്മദ് ഷാമിൽ പറഞ്ഞു.

സ്റ്റാർട്ടപ്പുകൾ, എസ്എംഇകൾ, ഐടി കമ്പനികൾ എന്നിവയുടെ ആവശ്യങ്ങൾക്കനുസരിച്ച് മാറ്റങ്ങൾ വരുത്താൻ കഴിയുന്ന ഫ്ളെക്സിബിൾ വർക്ക് സ്പേസുകളായിരിക്കും ഇവിടെ ഉണ്ടാകുന്നത്. ജിസിസി കമ്പനികൾ, ഐടി സ്ഥാപനങ്ങൾ എന്നിവയ്ക്കായി പ്രീമിയം സൗകര്യങ്ങളും ഇവിടെയുണ്ടാകും. എഐ സാങ്കേതികവിദ്യയുൾപ്പെടെ അടിസ്ഥാനമാക്കിയുള്ള സ്മാർട്ട് വർക്ക് സ്പേസുകളായിരിക്കും ഇവിടെ ഒരുക്കുന്നത്.

ജോലിയുടെ പിരിമുറുക്കം കുറയ്ക്കുന്നതിനായുള്ള വിനോദയിടങ്ങൾ, 24 മണിക്കൂറും പ്രവർത്തിക്കുന്ന കോഫീ ഷോപ്, ബ്രേക്ക് ഔട്ട് സ്പേസ് തുടങ്ങിയവയും ഇവിടെയുണ്ടാകും.



# ഡോ. മൂപ്പൻസ് ലെഗസി സ്കോളർഷിപ്പും ഫെലോഷിപ്പും വിതരണം ചെയ്തു

**മേപ്പാടി:** സാമ്പത്തികമായി പിന്നാക്കം നിൽക്കുകയും പഠനത്തിൽ മികവ് പുലർത്തുകയും ചെയ്യുന്ന വിദ്യാർഥികൾക്ക് മെഡിക്കൽ വിദ്യാഭ്യാസമെന്ന സ്വപ്നം യാഥാർഥ്യമാക്കുന്നതിനുള്ള സുപ്രധാനമായ ചുവടുവയ്പ്പിന് തുടക്കമിട്ടിരിക്കുകയാണ് ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ സ്ഥാപക ചെയർമാൻ ഡോ. ആസാദ് മൂപ്പൻ. വയനാട്ടിലെ ഡോ. മൂപ്പൻസ് മെഡിക്കൽ കോളജ്, ഡോ. മൂപ്പൻസ് നഴ്സിംഗ് കോളജ്, ഡോ. മൂപ്പൻസ് കോളജ് ഓഫ് ഫാർമസി എന്നിവിടങ്ങളിലേയ്ക്കുള്ള വിവിധ കോഴ്സുകൾക്ക് ഏർപ്പെടുത്തിയ 'ഡോ. മൂപ്പൻസ് ലെഗസി സ്കോളർഷിപ്പ് ആൻഡ് ഫെലോഷിപ്പ്' അർഹരായ വിദ്യാർഥികൾക്ക് വിതരണം ചെയ്തു.

കേരളത്തിൽ ആദ്യമായാണ് ഒരു മെഡിക്കൽ കോളജ് യോഗ്യരായ വിദ്യാർഥികൾക്ക് 100 ശതമാനം ട്യൂഷൻ ഫീ ഇളവ് വാഗ്ദാനം ചെയ്യുന്നത്. എംബിബിഎസ്, ബിഎസ്സി നഴ്സിംഗ്, ബിഫാം കോഴ്സുകളിലേക്ക് അപേക്ഷിച്ച നൂറുകണക്കിന് വിദ്യാർഥികളിൽ നിന്ന് 20 പേരെയാണ് ഈ വർഷം ജൂറി മെമ്പർമാരായ മുൻ ചീഫ് സെക്രട്ടറി ഡോ. വി. വേണു ഐഎഎസ്, കാലിക്കട്ട് മെഡിക്കൽ കോളജ് മുൻ പ്രിൻസിപ്പൽ പ്രഫ. കാർത്തികേയ വർമ്മ, ഡോ. മൂപ്പൻസ് മെഡിക്കൽ കോളജ് എക്സിക്യൂട്ടീവ് ട്രസ്റ്റി യു. ബഷീർ, ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ എക്സിക്യൂട്ടീവ് ഡയറക്ടറും ഗവേണൻസ് ആൻഡ് കോർപറേറ്റ് അഫയേഴ്സ് ഗ്രൂപ്പ് ഹെഡുമായ ടി.ജെ. വിൽസൺ, ആസ്റ്റർ ഡി എം ഹെൽത്ത് കെയർ ഡയറക്ടർ സെബാ മൂപ്പൻ എന്നിവർ ചേർന്ന് തെരഞ്ഞെടുത്തത്.

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 125 ഓളം വിദ്യാർഥികൾക്ക് പ്രയോജനം ലഭിക്കുന്ന സ്കോളർഷിപ്പ് പദ്ധതിക്കായി പ്രതിവർഷം മൂന്ന് കോടിയിലധികം രൂപയാണ് നീക്കിവയ്ക്കുന്നതെന്ന് ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ സ്ഥാപക ചെയർമാനും ഡോ. മൂപ്പൻസ് എഡ്യുക്കേഷൻ ആൻഡ് റിസർച്ച് ഫൗണ്ടേഷൻ മാനേജിംഗ് ട്രസ്റ്റിയുമായ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു.

ചടങ്ങിൽ ഡോ. മൂപ്പൻസ് മെഡിക്കൽ കോളജ് എക്സിക്യൂട്ടീവ് ട്രസ്റ്റിയും ആസ്റ്റർ മിംസ് ഡയറക്ടറുമായ യു. ബഷീർ, നസീറ ആസാദ്, ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ എക്സിക്യൂട്ടീവ് ഡയറക്ടറും ഗവേണൻസ് ആൻഡ് കോർപറേറ്റ് അഫയേഴ്സ് ഗ്രൂപ്പ് ഹെഡുമായ ടി.ജെ. വിൽസൺ, ഗ്രൂപ്പ് ഹെഡ് ഡിജിറ്റൽ ഡോ. ഷിഹാദ്, മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ. എലിസബത് ജോസഫ്, ഡോ. മൂപ്പൻസ് കോളജ് ഓഫ് ഫാർമസി പ്രിൻസിപ്പൽ ലാൽ പ്രശാന്ത്, ഡോ. മൂപ്പൻസ് നഴ്സിംഗ് കോളജ് പ്രിൻസിപ്പൽ ഡോ. ലിഡാ ആന്റണി, ഓപറേഷൻസ് വിഭാഗം ഡെപ്യൂട്ടി ജനറൽ മാനേജർ ഡോ. ഷാനവാസ് പള്ളിയാൽ എന്നിവർ സന്നിഹിതരായി.



# രാജസ്ഥാൻ യൂണിവേഴ്സിറ്റി സന്ദർശിച്ച് നിർമലാ കോളേജ് വിദ്യാർഥികൾ

**മൂവാറ്റുപുഴ:** നിർമലാ കോളേജ് വിദ്യാർഥികൾ ജയ്പൂർ യൂണിവേഴ്സിറ്റി മഹാറാണി കോളേജ് സന്ദർശിച്ചു. കേരള- രാജസ്ഥാൻ സംസ്ഥാനങ്ങളുടെ സാംസ്കാരിക വിനിമയമായിരുന്നു സന്ദർശനത്തിന്റെ ലക്ഷ്യം. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളുടെ സംസ്കാരം, പാരമ്പര്യങ്ങൾ, ആചാരങ്ങൾ എന്നിവയെക്കുറിച്ചുള്ള അറിവ് മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സർദാർ വല്ലഭായ് പട്ടേലിന്റെ 140 ആം ജന്മവാർഷികത്തോട് അനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ച ഏക് ഭാരത് ശ്രേഷ്ഠ ഭാരത് എന്ന സംരംഭത്തിന്റെ ഭാഗമായിരുന്നു യാത്ര. മഹാറാണി കോളേജിൽ നടന്ന ചടങ്ങിൽ കേരളത്തിന്റെ തനതായ കലാരൂപങ്ങൾ നിർമലാ കോളേജ് വിദ്യാർഥികൾ അവതരിപ്പിച്ചു. 30 വിദ്യാർഥികളും 4 അധ്യാപകരും അടങ്ങുന്ന സംഘമാണ് സാംസ്കാരിക വിനിമയത്തിൽ പങ്കാളികളായത്. യാത്രയോട് അനുബന്ധിച്ച് രാജസ്ഥാനിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളും, കൊട്ടാരങ്ങളും സംഘം സന്ദർശിച്ചു. കോളേജ് അധ്യാപകരും ഏക് ഭാരത് ശ്രേഷ്ഠ ഭാരത് ക്ലബ് കോർഡിനേറ്റർമാരുമായ അനു ജോയ് ചെമ്പരത്തി, ഡോ. ജി സുജിത, ഡോ. അഞ്ജലി ജോസ്ഫ്, അഗസ്റ്റിൻ ബെന്നി, വിദ്യാർഥി കോർഡിനേറ്റർമാരായ മുഹമ്മദ് റസൽ, സെയ ഷെമീം എന്നിവർ യാത്രയ്ക്ക് നേതൃത്വം നൽകി.



# കുസാറ്റ്: പിഎൻടി ലാബ് ശില്പശാല സമാപിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) ഇൻസ്ട്രുമെന്റേഷൻ വിഭാഗം സംഘടിപ്പിച്ച 'അപ്ലൈഡ് കമ്പ്യൂട്ടർ വിഷൻ ആൻഡ് മഷീൻ ലേണിംഗ് വിത്ത് പൈതൺ' എന്ന ദ്വിദിന ഹാൻഡ്സ്ഓൺ ശില്പശാല സമാപിച്ചു.

ഐ.ഐ.ടി തിരുപ്പതി നവവിഷ്കർ ഐഹബ് ഫൗണ്ടേഷന്റെ പിന്തുണയോടെ സ്ഥാപിതമായ പുതിയ പോസിഷനിംഗ്, നാവിഗേഷൻ ആൻഡ് ടൈമിംഗ് (പി എൻ ടി) ലാബ് കുസാറ്റ് വൈസ് ചാൻസലർ ഡോ. എം. ജുനൈദ് ബുഷിരി ഉദ്ഘാടനം ചെയ്തു.

ചടങ്ങിൽ കുസാറ്റ് രജിസ്ട്രാർ ഡോ. അരുൺ എ. യു, ഇൻസ്ട്രുമെന്റേഷൻ വിഭാഗം മേധാവി ഡോ. പങ്കജ് സാഗർ, പി.എൻ.ടി. ലാബിന്റെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ഡോ. സുരജ് ദാമോദരൻ, കുസാറ്റ് ഇലക്ട്രോണിക്സ് വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ ടെസ്സി നൈനൻ തുടങ്ങിയവർ വിദ്യാർത്ഥികളെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും, പിഎൻടി ലാബ് വഴിയുള്ള പദ്ധതികളും, ഇന്റേൺഷിപ്പുകളും ഉൾപ്പെടെയുള്ള അവസരങ്ങളെ കുറിച്ച് വിശദീകരിക്കുകയും ചെയ്തു.

ഐ.ഐ.ടി. തിരുപ്പതിയിലെ ഡോ. കെ. വെങ്കട സുബ്ബറെഡ്ഡി സെഷനുകൾ നയിച്ചു. കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ ശില്പശാലയിൽ പങ്കെടുത്തു.

# ട്രെയിനിംഗ് സെന്റർ ഉദ്ഘാടനം ചെയ്തു

**കൊച്ചി:** എറണാകുളം ജില്ലാ ഹോമിയോ ആശുപത്രിയിൽ ട്രെയിനിംഗ് സെന്ററിന്റെ ഉദ്ഘാടനവും ആശുപത്രി ദിനാചരണവും സംഘടിപ്പിച്ചു. ഹൈബി ഈഡൻ ഉദ്ഘാടനം നിർവഹിച്ചു. ചടങ്ങിൽ പ്രഥമ കായകൽപ്പ പുരസ്ക്കാരം നേടുന്നതിന് പ്രവർത്തിച്ച ഡോക്ടർമാരെയും ജീവനക്കാരെയും അനുമോദിച്ചു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ അധ്യക്ഷനായി. ടി ജെ വിനോദ് എംഎൽഎ മുഖ്യാതിഥിയായി. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൽസി ജോർജ്ജ് ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എം ജെ ജോമി, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി മെമ്പർ ഷാരോൺ പനക്കൽ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. മേഴ്സി ഗോൺസാൽവസ് എന്നിവർ പങ്കെടുത്തു.

# ബിഎസ്എൻഎൽ 4ജി ടവറുകൾ എട്ടുമാസത്തിനുള്ളിൽ 5ജിയിലേക്ക്

**പരവൂർ:** പൊതുമേഖലാ സ്ഥാപനമായ ബിഎസ്എൻഎൽ അവരുടെ രാജ്യത്തെ എല്ലാ 4 ജി ടവറുകളും എട്ട് മാസങ്ങൾക്കുള്ളിൽ 5 ജി ആയി അപ്ഗ്രേഡ് ചെയ്യും. തദ്ദേശീയ സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമിച്ച 92,500 ടവറുകളാണ് വരുന്ന ആറു മുതൽ എട്ടുമാസത്തിനിടെ 5 ജിയിലേക്ക് ഉയർത്താൻ തീരുമാനിച്ചിട്ടുള്ളത്.




മാത്രമല്ല കമ്പനി 5,000 കോടി രൂപയുടെ പ്രവർത്തന ലാഭവും നേടിക്കഴിഞ്ഞു. സെപ്റ്റംബർ 27 നാണ് 92,500 ബിഎസ്എൻഎൽ 4 ജി ടവറുകൾ പൂർണമായും പ്രവർത്തനക്ഷമമായത്. ഒക്ടോബർ ഒന്നിന് ബിഎസ്എൻഎൽ രാജ്യത്ത് 25 വർഷത്തെ സേവനം പൂർത്തിയാക്കി കഴിഞ്ഞു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കമ്പനിയുടെ പ്രവർത്തന ലാഭം 2,300 കോടി രൂപമായിരുന്നു.

ഇതാണ് നടപ്പ് സാമ്പത്തിക വർഷം ഇരട്ടിയിലധികം വർധനയോടെ 5,000 കോടിയായി ഉയർന്നത്. ഇക്കാലയളവിൽ വരിക്കാരുടെ എണ്ണവും 8.7 കോടിയിൽ നിന്ന് 91 കോടിയായി വർധിച്ചു.

രാജ്യത്തുടനീളം ഏകദേശം 22 ദശലക്ഷം ആൾക്കാർക്ക് ബിഎസ്എൻഎൽ സേവനം നൽകുന്നുണ്ട്. അതേ സമയം ഉപയോക്താക്കൾക്കായി പുതിയ ഫീച്ചറും ബിഎസ്എൻഎൽ അവതരിപ്പിച്ചു.

നെറ്റ്‌വർക്ക് ഇല്ലെങ്കിലും വോയ്സ് കോളുകൾ ചെയ്യാൻ കഴിയുന്ന വോയ്സ് ഓവർ വൈ വൈ സേവനമാണ് കമ്പനി പുതുതായി ആരംഭിച്ചിട്ടുള്ളത്.



# മെഡിസിൻ മുതൽ എഐ വരെ; റാങ്കിംഗിൽ തിളങ്ങി അമൃത വിശ്വവിദ്യാപീഠം

**അമൃതപുരി (കൊല്ലം):** അമേരിക്കയിലെ സ്റ്റാൻഫോർഡ് സർവകലാശാല പുറത്തിറക്കിയ ലോകത്തിലെ ഏറ്റവും മികച്ച ശാസ്ത്രജ്ഞരുടെ പട്ടികയിൽ തുടർച്ചയായി ആറാം തവണയും ഇടം നേടി അമൃത വിശ്വവിദ്യാപീഠത്തിലെ ശാസ്ത്രജ്ഞർ.

അമൃത വിശ്വവിദ്യാപീഠത്തിൻറെ വിവിധ കാമ്പസുകളിൽ നിന്നുള്ള 37 ശാസ്ത്രജ്ഞരാണ് ഇത്തവണ സ്റ്റാൻഫോർഡ് സർവകലാശാലയുടെ, ഏറ്റവും മികച്ച ശാസ്ത്രജ്ഞരുടെ പട്ടികയിൽ ഇടം നേടിയത്.

പ്രസിദ്ധീകരിച്ച ഗവേഷണ പ്രബന്ധങ്ങളുടെ സമഗ്രമായ വിലയിരുത്തലിന്റെയും ഗവേഷണ ശ്രമങ്ങൾക്കായി നീക്കിവച്ചിട്ടുള്ള വർഷങ്ങളുടെയും അടിസ്ഥാനത്തിലാണ് ലോകത്തെ മികച്ച ശാസ്ത്രജ്ഞരുടെ പട്ടിക തയാറാക്കിയിരിക്കുന്നത്.

ശാസ്ത്ര നേട്ടങ്ങൾ അളക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട ഡാറ്റാ ബെയ്സുകളിൽ ഒന്നായ സ്റ്റാൻഫോർഡ്എൽസെവിയർ ഗ്ലോബലിന്റെ എച്ച്ഇൻഡക്സ്, സൈറ്റേഷനുകൾ, ഇമ്പാക്റ്റ് കോമ്പോസിറ്റ് ഇൻഡിക്കേറ്ററുകൾ എന്നിവ പോലുള്ള കർശനമായ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ് സ്റ്റാൻഫോർഡ് സർവകലാശാല ലോകത്തിലെ ഏറ്റവും മികച്ച ശാസ്ത്രജ്ഞരുടെ പട്ടിക തയാറാക്കുന്നത്.

പട്ടികയിലെ ഓരോരുത്തരുടെ പേരിനു പിന്നിലും വർഷങ്ങളുടെ സമർപ്പണത്തിന്റെയും ഗവേഷണത്തിന്റെയും കഥയുണ്ടെന്നും അമൃത വിശ്വവിദ്യാപീഠം വൈസ് ചാൻസലർ ഡോ.പി.വെങ്കട് രംഗൻ പറഞ്ഞു.

# വോൾവോ EX30 ഇലക്ട്രിക് കാർ കേരളത്തിൽ അവതരിപ്പിച്ചു

**കൊച്ചി:** വോൾവോയുടെ ഏറ്റവും പുതിയ ഇലക്ട്രിക് കാറായ EX30 കേരളത്തിൽ അവതരിപ്പിച്ച് വോൾവോ ഇന്ത്യ. കൊച്ചിയിൽ നടന്ന ചടങ്ങിൽ വോൾവോ ഇന്ത്യ റീജിയനൽ മാനേജർ അമിത് കാലു, വോൾവോ കേരള ഡയറക്ടർ അനീഷ് മോഹൻ, വോൾവോ കേരള സി.ഇ.ഒ ആർ.കൃഷ്ണ കുമാർ എന്നിവർ പങ്കെടുത്തു. 2025 ഒക്ടോബർ 19 ന് മുമ്പ് ബുക്ക് ചെയ്യുന്നവർക്ക് 39,99,000 രൂപയ്ക്ക് കാർ സ്വന്തമാക്കാം. പരിമിത കാലത്തേക്ക് മാത്രമാണ് ഈ അവസരം. ഓഫറിനെക്കുറിച്ച് വിശദമായറിയാൻ ഏറ്റവുമടുത്തുള്ള ഡീലറെ ബന്ധപ്പെടാം.

കേരളത്തിൽ ഈ വാഹനം സ്വന്തമാക്കാൻ ആഗ്രഹിക്കുന്ന ഉപഭോക്താക്കൾക്ക് വോൾവോയുടെ കൊച്ചി ഷോറൂമിൽ ടെസ്റ്റ് ഡ്രൈവ് ചെയ്യാനുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. 2025 നവംബർ ആദ്യ ആഴ്ചയിൽ ഡെലിവറി ആരംഭിക്കും. ബെംഗളൂരുവിലെ ഹൊസക്കോട്ടിലുള്ള കമ്പനി പ്ലാന്റിലാണ് കാർ അസംബിൾ ചെയ്യുന്നത്. വോൾവോയുടെ ഇതുവരെ പുറത്തിറങ്ങിയ ഇലക്ട്രിക് കാറുകളിൽ ഏറ്റവും കുറഞ്ഞ കാർബൺ ബഹിർഗമനത്തോത് ഉള്ള കാറാണ്. ഡെനിം, പെറ്റ് ബോട്ടിൽ, അലൂമിനിയം, പിവിസി പൈപ്പുകൾ തുടങ്ങിയവ പുനരുപയോഗിച്ചാണ് ഇതിന്റെ ആകർഷകമായ ഇന്റീരിയർ തയാറാക്കിയിരിക്കുന്നത്. നിർമാണത്തിൽ സ്കാൻഡിനേവിയൻ ഡിസൈനുകളും ആധുനിക സാങ്കേതിക വിദ്യയും സമന്വയിപ്പിച്ച EX30 യൂറോ NCAP സുരക്ഷാ പരിശോധനയിൽ ഫൈവ് സ്റ്റാർ റേറ്റിങ് നേടിയിട്ടുണ്ട്. വാഹനങ്ങൾ തമ്മിലുള്ള കൂട്ടിയിടി കുറയ ഇൻറർസെക്ഷൻ ഓട്ടോബ്രേക്ക്, ഡോർ അപ്രതീക്ഷിതമായി തുറക്കുമ്പോൾ സംഭവിക്കുന്ന അപകടങ്ങൾ തടയാനായി ഡോർ ഓപൺ അലേർട്ട്, അഞ്ച് ക്യാമറകൾ, അഞ്ച് റഡാറുകൾ, 12 അൾട്രാസോണിക് സെൻസറുകൾ എന്നിവ ഉൾപ്പടെ നൂതന സേഫ് സ്പേസ് ടെക്നോളജിയും സുരക്ഷാ ഉപകരണങ്ങളും ഇതിലുണ്ട്.

# റവ.ഡോ. നിരപ്പേൽ ബിസിനസ് ഐക്കൺ ഓഫ് ദി ഇയർ പുരസ്കാരം ഓക്സിജൻ ഡിജിറ്റൽ സിഇഒ ഷിജോ കെ. തോമസിന്



**പെരുവന്താനം:** സെൻറ് ആൻറണീസ് കോളജും റവ.ഡോ. നിരപ്പേൽ ഫൗണ്ടേഷനും സംയുക്തമായി ഏർപ്പെടുത്തിയിരിക്കുന്ന റവ.ഡോ. നിരപ്പേൽ ബിസിനസ് ഐക്കൺ ഓഫ് ദ ഇയർ പുരസ്കാരത്തിന് ഓക്സിജൻ ഗ്രൂപ്പ് സിഇഒ ഷിജോ കെ. തോമസ് അർഹനായി. 15,001 രൂപയും പ്രശസ്തിപത്രവും മെമൻറോയും അടങ്ങുന്നതാണ് പുരസ്കാരം.

11ന് ഉച്ചകഴിഞ്ഞ് മൂന്നിന് റാന്നി മാർത്തോമ്മ കൺവൻഷൻ സെന്ററിൽ നടക്കുന്ന മെഗാ എഡ്യു കാർണിവൽ സമ്മേളനത്തിൽ കോളജ് ചെയർമാൻ ബെന്നി തോമസ് പുരസ്കാരം നൽകും. രാജു ഏബ്രഹാം എക്സ് എംഎൽഎ, സിനി ആർട്ടിസ്റ്റ് ഡയാന ഹമീദ്, പ്രജ്ഞാനാനന്ദ തീർഥപാദ സ്വാമികൾ, റാന്നി പഴവങ്ങാടി പഞ്ചായത്ത് പ്രസിഡൻറ് റൂബി കോശി, എംജി യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് മെമ്പർ പി.ബി. സതീഷ് കുമാർ, ഓക്സിജൻ ഗ്രൂപ്പ് ഫൗണ്ടർ ആൻഡ് സിഇഒ ഷിജോ കെ. തോമസ്, അജയ് ഹാച്ചറീസ് സിഇഒ പി.വി. ജയൻ, പിടിഎ പ്രസിഡൻറ് ജോർജ് കൂരമറ്റം, കൺവീനർമാരായ ജോസ് ആൻറണി, ടിജോമോൻ ജേക്കബ്, സുപർണ രാജു, പി.ആർ. രതീഷ്, ജസ്റ്റിൻ ജോസ് എന്നിവർ പ്രസംഗിക്കും.




# ഓക്സിജൻ ദ് ഡിജിറ്റൽ എക്സ്പേർട്ടിന് ആപ്പിളിന്റെ ദേശീയ ഗോൾഡൻ അവാർഡ്

**കോട്ടയം:** ഇന്ത്യയിലെ ആപ്പിൾ മാക്ബുക്ക് വിപണിയിൽ നേതൃസ്ഥാനം ഒരിക്കൽക്കൂടി ഉറപ്പിച്ച് ഓക്സിജൻ ദ് ഡിജിറ്റൽ എക്സ്പേർട്ട്. ഇന്ത്യയിലെ ആപ്പിളിന്റെ ഡയറക്ട് ഡീലർമാരിൽ ഏറ്റവും ഉയർന്ന വളർച്ചാ നിരക്ക് കൈവരിച്ചതിനുള്ള ഗോൾഡൻ അവാർഡാണ് ഓക്സിജൻ സ്വന്തമാക്കിയത്.

ആപ്പിൾ അക്കൗണ്ട്സ് മാനേജർ ലിനെറ്റ് ലിയോയിൽ നിന്നും ഓക്സിജൻ സിഇഒ ഷിജോ കെ. തോമസ് പുരസ്കാരം ഏറ്റുവാങ്ങി. ഈ നേട്ടത്തോടെ ഓക്സിജൻ മാക് ചാമ്പ്യൻ എന്ന ബഹുമതിക്ക് അർഹരായി.

കമ്പനിയുടെ മികവും ആപ്പിൾ ഉത്പന്നങ്ങളോടുള്ള പ്രതിബദ്ധതയും, ഉപഭോക്താക്കൾക്ക് ഏറ്റവും മികച്ച സേവനം നൽകാനുള്ള നിരന്തരമായ പരിശ്രമവുമാണ് ഈ ദേശീയ അംഗീകാരത്തിലേക്ക് ഓക്സിജനെ എത്തിച്ചത്.രാജ്യത്തുടനീളമുള്ള ആയിരക്കണക്കിന് ഡീലർമാർക്കിടയിൽ നിന്നാണ് ഓക്സിജൻ നേട്ടം കൈവരിച്ചത്. കംപ്യൂട്ടിംഗ് രംഗത്തെ മികച്ച ഉത്പന്നങ്ങളിലൊന്നായ മാക്ബുക്ക് ശ്രേണിയുടെ വിൽപ്പനയിൽ ഓക്സിജൻ കാണിച്ച അസാധാരണമായ വളർച്ചാ നിരക്ക് ഈ ഗോൾഡൻ അവാർഡിന് അർഹരാക്കി.

# ഇന്ത്യയിലെ അതിസമ്പന്നരായ വനിതകളുടെ പട്ടിക; 50,170 കോടിയുടെ സമ്പത്തുമായി ജയശ്രീ ഉള്ളാൽ ഒന്നാമത്

**ന്യൂദൽഹി:** ഇന്ത്യയിലെ അതിസമ്പന്നരായ വനിതകളുടെ പട്ടിക പുറത്ത്. 2025ലെ ഹുറൂൺ റിച്ച് ലിസ്റ്റ് പ്രകാരം അരിസ്ത നെറ്റ്‌വർക്ക് സി.ഇ.ഒയും പ്രസിഡന്റുമായ ജയശ്രീ ഉള്ളാൽ ആണ് ഒന്നാംസ്ഥാനത്ത്. 50,170 കോടി രൂപയുടെ സമ്പത്തുമായാണ് ജയശ്രീ ഒന്നാമതെത്തിയത്.



സോഹോയുടെ അധിപ രാധ വെമ്പുവാണ് പട്ടികയിൽ രണ്ടാംസ്ഥാനത്ത്. 46,580 കോടി രൂപയാണ് രാധയുടെ ആസ്തി. 39,810 കോടി രൂപയുടെ സ്വത്തുക്കളുള്ള നൈക്കയുടെ ഫാൽഗുനി നയ്യാർ ആണ് മൂന്നാമതുള്ളത്.

29,330 കോടി രൂപയുടെ ആസ്തിയുമായി കിരൺ മസുംദാർ ഷാ നാലാംസ്ഥാനത്തും ഉണ്ട്.

സൊസൈറ്റി ടുഡേ
SOCIETY TODAY



# സമുദ്രോത്പന്ന സംസ്കരണ മാലിന്യത്തിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലേക്ക്: പ്രായോഗിക പരിശീലന പരിപാടിയുമായി സിഫ്റ്റ്

**കൊച്ചി:** സീഫുഡ് പ്രോസസ്സിംഗ് ഡിസ്കാർഡുകളിൽ നിന്ന് ഉരുത്തിരിഞ്ഞ ഉയർന്ന മൂല്യമുള്ള ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനായുള്ള പ്രായോഗിക പരിശീലന പരിപാടി കൊച്ചിയിൽ ആരംഭിച്ചു. പട്ടികജാതി ഉപപദ്ധതിയുടെ കീഴിലാണ് ട്രേയിനിംഗ് പ്രോഗ്രാം നടത്തപ്പെടുന്നത്. അഞ്ച് ദിവസങ്ങളിലായി നടക്കുന്ന പരിശീലന പരിപാടിയുടെ ഉദ്ഘാടനം ഡയറക്ടർ ഡോ. ജോർജ്ജ് നൈനാൻ നിർവ്വഹിച്ചു. 2025 ഒക്ടോബർ 6ന് ആരംഭിച്ച ട്രയിനിംഗ് പ്രോഗ്രാം ഒക്ടോബർ 10 ന് അവസാനിക്കും. സമുദ്രവിഭവ സംസ്കരണത്തിലെ ഗവേഷണ പുരോഗതിയെക്കുറിച്ചും സംസ്കരണ ഡിസ്കാർഡുകളുടെ കാര്യക്ഷമമായ ഉപയോഗത്തിനായി സമർപ്പിച്ചിരിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ അത്യാധുനിക സൗകര്യങ്ങളെക്കുറിച്ചും ഡയറക്ടർ ഡോ. ജോർജ്ജ് നൈനാൻ, തന്റെ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. സമഗ്ര വികസനം പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ സംരംഭങ്ങളിലൂടെ സംസ്ഥാന സർവകലാശാലകൾക്കും കോളേജുകൾക്കും നൽകുന്ന പിന്തുണയും അദ്ദേഹം എടുത്തുപറഞ്ഞു. സയന്റിസ്റ്റുമാരായ ഡോ. ബിന്ദു ജെ., ഡോ. എ. ജയകുമാരി, ഡോ. പെ. ജയ ജയന്തി, തമിഴ്നാട് രാമനാഥപുരം, സേതുപതി ഗവൺമെന്റ് ആർട്സ് കോളേജ് അസിസ്റ്റന്റ് പ്രൊഫസർ കലൈയരാസി തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ സംസാരിച്ചു.

സമുദ്രോത്പന്ന മാലിന്യ മൂല്യനിർണ്ണയത്തിലെ സമീപകാല സംഭവവികാസങ്ങളിലും മത്സ്യബന്ധന ഉപോൽപ്പന്നങ്ങൾ വിലയിരുത്തുന്നതിനുള്ള നൂതന വിശകലന രീതികളിലുമാണ് പരിപാടി ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്നും സമുദ്രോത്പന്ന മാലിന്യങ്ങളുടെ മൂല്യവർദ്ധനവിനുള്ള സാങ്കേതിക പരിജ്ഞാനവും വിശകലന വൈദഗ്ധ്യവും വർദ്ധിപ്പിക്കുക എന്നതാണ് പരിശീലനത്തിന്റെ ലക്ഷ്യമെന്നും ഡോ. എ. ജയകുമാരി ചൂണ്ടിക്കാട്ടി. സുസ്ഥിര മത്സ്യബന്ധന വികസനത്തിന്റെ കേന്ദ്രബിന്ദുക്കളായ മത്സ്യബന്ധന ഉപോൽപ്പന്ന വിശകലനത്തിൽ വിദ്യാർത്ഥികളുടെ വിശകലന വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുകയും സമുദ്രോത്പന്ന മാലിന്യങ്ങളിൽ നിന്നുള്ള ഉയർന്ന മൂല്യമുള്ള ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള അറിവ് സമ്പുഷ്ടമാക്കുകയും ചെയ്യുക എന്നതാണ് പരിപാടിയുടെ പ്രധാന ലക്ഷ്യം.



# സോളാർ പാനൽ മാലിന്യം നിർമ്മാണ വസ്തുക്കളാക്കി മാറ്റുന്ന സാങ്കേതികവിദ്യ വികസിപ്പിച്ച് എംഐടിഡബ്ല്യുപിയു ഗവേഷക സംഘം

**പൂനെ:** എംഐടി വേൾഡ് പീസ് യൂണിവേഴ്സിറ്റിയിലെ (എംഐടിഡബ്ല്യുപിയു) ഗവേഷകർ ലാബ് പരീക്ഷണങ്ങളിലൂടെയും വ്യവസായ ഇൻപുട്ടുകളിലൂടെയും, വർദ്ധിച്ചുവരുന്ന സോളാർ ഫോട്ടോവോൾട്ടെയ്ക് (പിവി) മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന സ്കേലബിൾ റീസൈക്ലിംഗ് പ്രക്രിയ വികസിപ്പിച്ചെടുത്തു.

ഇന്ത്യയിലെ സോളാർ പാനൽ (പിവി) മാലിന്യം 2030 ഓടെ ഏകദേശം 200,000 ടണ്ണിലും 2050 ഓടെ 1.8 ദശലക്ഷം ടണ്ണിലും എത്തുമെന്ന് പ്രതീക്ഷിക്കുന്ന പശ്ചാത്തലത്തിൽ ഈ സാങ്കേതിക വിദ്യ പ്രാധാന്യമർഹിക്കുന്നു.

നിലവിൽ, ഉപേക്ഷിക്കപ്പെട്ട മിക്ക സോളാർ പാനലുകളും അലുമിനിയത്തിനും കേബിളുകൾക്കുമായി സൂക്ഷിക്കുകയോ ഭാഗികമായി പൊളിച്ചു മാറ്റുകയോ ചെയ്യുന്നു. അതേസമയം ലാമിനേറ്റഡ്, മൾട്ടിലെയേർഡ് ഘടനകളെ വേർതിരിക്കുന്നതിലെ ബുദ്ധിമുട്ട് കാരണം വെള്ളി, ചെമ്പ്, ടിൻ, ഈയം തുടങ്ങിയ വിലയേറിയ വസ്തുക്കൾ നഷ്ടപ്പെടുന്നു. ഈ പുതിയ സാങ്കേതിക വിദ്യ ഉപയോഗശൂന്യമായ സോളാർ പാനലുകളിൽ നിന്ന് വിലപ്പെട്ട വസ്തുക്കൾ വീണ്ടെടുക്കാൻ മാത്രമല്ല, ഇഷ്ടികകൾ, ബ്ലോക്കുകൾ, അഗ്രഗേറ്റുകൾ തുടങ്ങിയ നിർമ്മാണ വസ്തുക്കളിലേക്ക് പുനഃചംക്രമണം ചെയ്യാനും സഹായിക്കുന്നു.

അപകടകരമായ മാലിന്യങ്ങൾ ലാൻഡ്ഫില്ലുകളിലേക്ക് പ്രവേശിക്കുന്നത് തടയുകയും, അസംസ്കൃത വസ്തുക്കളെ ആശ്രയിക്കുന്നത് കുറയ്ക്കുകയും, പുനരുപയോഗ ഊർജ്ജ, നിർമ്മാണ മേഖലകൾക്കിടയിൽ ഒരു സമ്പദ്‌വ്യവസ്ഥ വളർത്തിയെടുക്കുകയും ചെയ്യുന്നു.

മഹാരാഷ്ട്ര സർക്കാരിന്റെ രാജീവ് ഗാന്ധി സയൻസ് & ടെക്നോളജി കമ്മീഷനിൽ (ആർജിഎസ്ടിസി) നിന്നുള്ള 25 ലക്ഷം രൂപയുടെ ധനസഹായത്തോടെ റിസർച്ച് ആൻഡ് ഡെവലപ്മെന്റ് പ്രൊഫസർ ഡോ. സരിത ആർ. സെലെ, സിവിൽ എഞ്ചിനീയറിംഗ് അസോസിയേറ്റ് പ്രൊഫസർ ഡോ. നിവേദിത ഗോഗേറ്റ്, ഡോ. ദീപ്തി മറാഠെ, ഡോ. അമൃത് ജോഷി എന്നിവരടങ്ങിയ ഗവേഷക സംഘമാണ് സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തത്. അമർ ഷിതോലെ, ഓംകാർ ഗജാരെ, നേഹ ജാദവ്, വേദ ഷെവാൽക്കർ, അഥർവ് ജഗ്ദലെ, പ്രണാലി ധിവാരെ, സമീർ താംകെ, അഞ്ജലി ഗഭാനെ, സുമിത് ഡാഫെ, അവന്തി ഗുൽഹാനെ, ധനശ്രീ ലാംഗി, റുതുരാജ് ജാദവ്, അമേയ ബകൽ, ചിരാഗ് സോനാവാനെ എന്നിവരും ഗവേഷണത്തിൽ പങ്കാളികളായി.


പ്രൊഫസർ ഡോ. നിവേദിത ഗോഗേറ്റ് പറഞ്ഞു, 'ഇന്ത്യയുടെ ശുദ്ധമായ ഊർജ്ജ പരിവർത്തനത്തിന്റെ സ്തംഭങ്ങളിലൊന്നാണ് സൗരോർജ്ജം, എന്നാൽ അതിന്റെ ഉപോൽപ്പന്നമായ സോളാർ പാനൽ മാലിന്യം വളർന്നുവരുന്ന ഒരു ആശങ്കയാണ്. വിലയേറിയ വിഭവങ്ങൾ വീണ്ടെടുക്കുക മാത്രമല്ല, മാലിന്യത്തെ ഉപയോഗപ്രദമായ നിർമ്മാണ ഉൽപ്പന്നങ്ങളാക്കി മാറ്റുകയും ചെയ്യുന്ന ഒരു സുസ്ഥിര പരിഹാരം ഞങ്ങളുടെ ഗവേഷണം നൽകുന്നു. പുനരുപയോഗ ഊർജ്ജം യഥാർത്ഥത്തിൽ പരിസ്ഥിതി സൗഹൃദപരവും പരിസ്ഥിതിക്ക് ഉത്തരവാദിത്തമുള്ളതുമായി തുടരുന്നുവെന്ന് ഇത് ഉറപ്പാക്കുന്നു.

# രാജ്യത്ത് പ്രീമിയം സർവീസ് സെന്ററുകൾ വിപുലമാക്കി ഷവോമി

**കൊച്ചി:** ഗ്ലോബൽ ടെക്നോളജി ബ്രാൻഡായ ഷവോമി ഇന്ത്യയിലെ പ്രധാന നഗരങ്ങളിലായി 10 പ്രീമിയം സർവീസ് സെന്ററുകൾ ആരംഭിച്ചു. കൊച്ചി, ബംഗളൂരു, ഹൈദരാബാദ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു. ചെന്നൈ, കൊൽക്കത്ത, ഡൽഹി, ജയ്പൂർ, മുംബൈ, പുണെ, അഹമ്മദാബാദ് എന്നിവിടങ്ങളിലും അടുത്ത ആഴ്ചകളിൽ സെന്ററുകൾ ആരംഭിക്കും. മികച്ച സേവനാനുഭവം നൽകുക എന്ന ലക്ഷ്യത്തോടെയാണ് സംരംഭം. കമ്പനിയുടെ ദീർഘകാല പദ്ധതിയുടെ ഭാഗമായി രാജ്യത്ത് 100 പ്രീമിയം സെന്ററുകൾ കൂടി ആരംഭിക്കാനാണ് തീരുമാനം.

തങ്ങൾ ഉപഭോക്താക്കളുമായുള്ള ദീർഘകാല ബന്ധമാണ് ലക്ഷ്യമിടുന്നതെന്നും ഈ പ്രീമിയം സെന്ററുകൾ ഇന്ത്യയിലെ സേവന നിലവാരം ഉയർത്തുന്നതിലേക്കുള്ള വലിയ ചുവടുവയ്പ്പാണെന്നും ഷവോമി ഇന്ത്യയുടെ ചീഫ് ഓപ്പറേറ്റിങ് ഓഫീസർ സുധിൻ മാതൂർ പറഞ്ഞു. ഉപഭോക്തൃ പ്രശ്നങ്ങളിൽ 52 ശതമാനവും നാല് മണിക്കൂറിനുള്ളിൽ പരിഹരിക്കപ്പെട്ടിട്ടുണ്ടെങ്കിലും, രണ്ട് മണിക്കൂറിലധികം നീണ്ടുനിൽക്കുന്ന അറ്റകുറ്റപ്പണികൾ സ്റ്റാൻഡ്ബൈ ഹാൻഡ്സെറ്റുകൾ വഴി തടസമില്ലാത്ത കണക്റ്റിവിറ്റി ഉറപ്പാക്കും. ഏറ്റവും പുതിയ ഷവോമി സാങ്കേതികവിദ്യകളിൽ പരിശീലനം നേടിയ പരിചയസമ്പന്നരായ, സർട്ടിഫൈഡ് എഞ്ചിനീയർമാരാണ് ഓരോ കേന്ദ്രത്തിലും ജോലി ചെയ്യുന്നത്.

സർവീസ് സെന്ററുകളിൽ സേവനത്തിന് പുറമേ ഷവോമി ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനും വാങ്ങാനുമുള്ള സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. എല്ലാ ബുധനാഴ്ചകളിലും 'ഷവോമി ഡേയ്സ്' എന്ന പേരിൽ പ്രത്യേക ഓഫറുകളും സൗജന്യ സോഫ്റ്റ്‌വെയർ അപ്ഡേറ്റുകളും ലഭ്യമാകും.




# സാമന്ത റൂത്ത് പ്രഭു പാന്റലൂൺസ് ബ്രാൻഡ് അംബാസഡർ

**മുംബൈ:** പ്രമുഖ ഫാഷൻ ബ്രാൻഡായ പാന്റലൂൺസ്, നടിയും സ്റ്റൈൽ ഐക്കണുമായ സാമന്ത റൂത്ത് പ്രഭുവിനെ തങ്ങളുടെ ആദ്യത്തെ ബ്രാൻഡ് അംബാസഡറായി പ്രഖ്യാപിച്ചു.

സാമന്തയെ അവതരിപ്പിക്കുന്ന സ്പാർക്ക് യുവർ ഇമാജിനേഷൻ എന്ന ഉത്സവ കാമ്പെയ്നും ആരംഭിച്ചു. ഓരോ ഉപഭോക്താവിനെയും പ്രചോദിപ്പിക്കുക, അവരുടെ സർഗ്ഗാത്മകതയെ നിർഭയമായി പരീക്ഷിക്കാനും, ആത്മവിശ്വാസത്തോടെ അവരുടെ അതുല്യമായ സ്വഭാവം പ്രകടിപ്പിക്കാനും പ്രേരിപ്പിക്കുക എന്ന പാന്റലൂണിന്റെ ദൗത്യം ഈ കാമ്പെയ്ൻ ഉൾക്കൊള്ളുന്നു.

പാന്റലൂൺസ്, ഓൺഡ് എന്നിവയുടെ സിഇഒ സംഗീത തൻവാനി പറഞ്ഞു, സ്പാർക്ക് യുവർ ഇമാജിനേഷൻ ഒരു ഉത്സവ കാമ്പെയ്ൻ മാത്രമല്ല ഓരോ ഷോപ്പറെയും സ്വയം ഒരു സ്രഷ്ടാവായി കാണാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ആത്മവിശ്വാസമുള്ള, വൈവിധ്യമാർന്ന, പരീക്ഷണങ്ങൾക്ക് ഭയമില്ലാത്ത സാമന്ത റൂത്ത് പ്രഭു കൃത്യമായി ഇതിന്റെ ആത്മാവിനെ ഉൾക്കൊള്ളുന്നു. എനിക്ക് ഫാഷൻ സ്വയം പ്രകടിപ്പിക്കാനുള്ള ഒരു രൂപമാണ്, പാന്റലൂൺസ് ആ വിശ്വാസവുമായി പൂർണ്ണമായും യോജിക്കുന്നു. സാമന്ത പറഞ്ഞു.

# മില്ലറ്റ് വിഭവങ്ങളിൽ പരിശീലനം

**കൊച്ചി:** ഇസാഫ് ഫൗണ്ടേഷന്റെ നേതൃത്വത്തിൽ വനിതകൾക്കായി ഒക്ടോബർ 15,16 തീയതികളിൽ മില്ലറ്റിൽ നിന്നുമുള്ള ഇരുപതിൽപരം വിഭവങ്ങൾ തയ്യാറാക്കുന്നതിൽ പരിശീലനം നൽകുന്നു. ആലുവ ഗവ: ഹോസ്പിറ്റലിനു സമീപമുള്ള ഇസാഫ് ഫൗണ്ടേഷൻ പരിശീലന കേന്ദ്രത്തിലാണ് ക്ലാസുകൾ നടക്കുക. ഫോൺ: 9072600771

# നിർമിത ബുദ്ധിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണം

**കൊച്ചി:** പരിമിതമായ മേഖലകളിൽ ഒതുങ്ങി നിന്നിരുന്ന നിർമിത ബുദ്ധി വിപുലമായ തലങ്ങളിലേക്ക് നീങ്ങിയതിനെ തുടർന്നുണ്ടാകുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്തണമെന്ന് നാഷണൽ പെയ്മെന്റ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ നോൺ എക്സിക്യൂട്ടീവ് ചെയർമാനും ഇൻഡിപ്പൻഡന്റ് ഡയറക്ടറുമായ അജയ് കുമാർ ചൗധരി പറഞ്ഞു. മുംബൈയിൽ നടന്ന ആറാമത് ഗ്ലോബൽ ഫിൻടെക് ഫെസ്റ്റിൽ പ്രത്യേക പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.




മുൻപൊന്നുമില്ലാതിരുന്ന സാധ്യതകൾ തുറന്നു തരുന്നതിനൊപ്പം സങ്കീർണമായ വെല്ലുവിളികളും നിർമിത ബുദ്ധിയോടൊപ്പം എത്തുന്നുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ബാങ്കിങ്, ഇൻഷുറൻസ്, ഓഹരി വിപണി, പെയ്മെന്റ്സ് സംവിധാനം തുടങ്ങിയവയിൽ 2027ഓടെ 100 ബില്യൺ ഡോളറിനടുത്ത് നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്. നിർമിത ബുദ്ധിയുടെ പ്രസക്തിയെക്കുറിച്ചല്ല മറിച്ച് അത് എത്ര വേഗത്തിൽ നടപ്പാക്കാമെന്നാണ് വ്യവസായ മേഖല ഇന്നു ചർച്ച ചെയ്യുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. യുപിഐ വഴി നിലവിൽ പ്രതിമാസം 20 ബില്ല്യണിലധികം ഇടപാടുകളാണ് നടക്കുന്നതെന്നും ഇത് നവീകരണത്തോടുള്ള രാജ്യത്തിന്റെ നേതൃനിരയുടെ വീക്ഷണം കൊണ്ടാണെന്നും അദ്ദേഹം പറഞ്ഞു.

# സ്റ്റെർലിങ് ബാങ്കിന്റെ മുഴുവൻ ഓഹരികളും ഐഐഎച്ച്എൽ മൗറീഷ്യസ് ഏറ്റെടുത്തു

**കൊച്ചി:** ബഹാമസ് സ്റ്റെർലിങ് ബാങ്കിന്റെ 49 ശതമാനം ഓഹരികളും ഇൻഡസ്ഇൻഡ് ഇൻറർനാഷണൽ ഹോൾഡിങ്സ്, മൗറീഷ്യസ് (ഐഐഎച്ച്എൽ) ഏറ്റെടുത്തു. നേരത്തെ 51 ശതമാനം ഓഹരികൾ ഇവർ ഏറ്റെടുത്തിരുന്നു. ഇതോടെ ബാങ്ക് ഐഐഎച്ച്എല്ലിൻറെ സമ്പൂർണ ഉടമസ്ഥതയിലുള്ള സബ്സിഡിയറിയായി മാറി.

2025 ആഗസ്റ്റ് 31ലെ കണക്കനുസരിച്ച് 1.26 ബില്യൺ യുഎസ് ഡോളർ ആസ്തിയുള്ള ഐഐഎച്ച്എല്ലിന്, ബാങ്കിംഗ്, സാമ്പത്തിക സേവനങ്ങൾ, ഇൻഷുറൻസ് മേഖലകളിലായി വൈവിധ്യമാർന്ന നിക്ഷേപ പോർട്ട്ഫോളിയോ ഉണ്ട്. ഇന്ത്യയിലെ അഞ്ചാമത്തെ വലിയ സ്വകാര്യമേഖലാ ബാങ്കായ ഇൻഡസ്ഇൻഡ് ബാങ്ക് ലിമിറ്റഡിൻറെ പ്രൊമോട്ടറാണ് ഐഐഎച്ച്എൽ. 6,100ൽ അധികം ടച്ച്പോയിൻറുകളുള്ള രാജ്യവ്യാപകമായ ശൃംഖലയിലൂടെ, 42 ദശലക്ഷത്തിലധികം ഉപഭോക്താക്കൾക്ക് ഈ ബാങ്ക് സേവനം നൽകുന്നു. ബിസിനസ് വലുപ്പം 86 ബില്യൺ യുഎസ് ഡോളറിലധികം വരും.

ഈ ഏറ്റെടുക്കൽ ഐഐഎച്ച്എല്ലിനെ ആഗോളതലത്തിൽ വളരാൻ സഹായിക്കും. തങ്ങളുടെ ദശാബ്ദങ്ങളായുള്ള അനുഭവം ആഗോള തലത്തിലെ മികച്ച രീതികളുമായി സംയോജിപ്പിക്കാൻ അവസരം നൽകുന്നു. ഓഹരി ഉടമകൾക്കും ഉപഭോക്താക്കൾക്കും ദീർഘകാല മൂല്യം നൽകാനുള്ള തങ്ങളുടെ കഴിവിനെ കൂടുതൽ ശക്തമാക്കുന്നു.

ബാങ്കിങ്, ധനകാര്യ സേവന മേഖലകളിൽ 2030ഓടെ 50 ബില്യൺ ഡോളറിന്റെ ആഗോള വിപണിയെന്നതാണ് തങ്ങളുടെ ലക്ഷ്യമെന്ന് ഐഐഎച്ച്എൽ ചെയർമാൻ അശോക് പി ഹിന്ദുജ പറഞ്ഞു.




# ട്രാൻസ് യൂണിയൻ സിബിലിന്റെ വിജയകഥ ജിയോ ഹോട്ട്സ്റ്റാറിൽ

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനിയായ ട്രാൻസ് യൂണിയൻ സിബിലിന്റെ വിജയകഥ ഡോക്യുമെന്ററിയായി ജിയോ ഹോട്ട്സ്റ്റാറിൽ പ്രദർശിപ്പിക്കുന്നു. ഭാരത് ഫിൻടെക് സ്റ്റോറിയുടെ രണ്ടാം സീസണിലാണ് ഈ ഡോക്യുമെന്ററിയുള്ളത്. എഡ്സ്റ്റെറ്റഡാണ് നിർമാതാക്കൾ.

2026 മാർച്ച് വരെയാണ് രണ്ടാം സീസണിന്റെ സംപ്രേഷണം. ഇന്ത്യയുടെ വായ്പ മേഖല വിപുലമാക്കൽ, എല്ലാവരേയും ഔപചാരിക സാമ്പത്തിക സേവനങ്ങളിലേക്ക് എത്തിക്കൽ, ദശലക്ഷക്കണക്കിനു പേർക്ക് വായ്പ സൗകര്യങ്ങൾ ലഭ്യമാക്കൽ തുടങ്ങിയവയിലൂടെ ട്രാൻസ് യൂണിയൻ സിബിൽ കഴിഞ്ഞ 25 വർഷങ്ങളായി നടത്തിയ പ്രവർത്തനങ്ങളാണ് ഡോക്യുമെന്ററിയിലൂടെ വിശദമാക്കുന്നത്. സ്ഥിതിവിവര കണക്കുകളും വിശ്വാസ്യതയും കാഴ്ചപ്പാടുകളും ഒത്തു ചേരുമ്പോൾ ഒരു രാജ്യത്തെ അതെങ്ങനെ ശാക്തീകരിക്കുന്നുവെന്നും ഡോക്യുമെന്ററി ചൂണ്ടിക്കാട്ടുന്നു.

വായ്പ നൽകാനുള്ള വിവര സംവിധാനമായി തുടങ്ങിയ സിബിൽ ഇന്ന് 700 ദശലക്ഷത്തിലധികം വ്യക്തികളേയും 36 ദശലക്ഷത്തിലധികം വാണിജ്യ സംരംഭങ്ങളേയും പിന്തുണയ്ക്കുന്ന ശക്തമായ ക്രെഡിറ്റ് സംവിധാനമാണ്.

# വിദേശ യാത്ര നടത്തുന്ന ബിസിനസ് യാത്രക്കാർക്കായി ഐസിഐസിഐ ബാങ്കും വീസയും ചേർന്ന് കോർപ്പറേറ്റ് സഫീറോ ഫോറക്സ് കാർഡ് അവതരിപ്പിച്ചു

**കൊച്ചി:** അന്താരാഷ്ട്ര യാത്രകൾ നടത്തുന്ന സംരംഭകർക്കും കോർപ്പറേറ്റ് മേഖലയിലെ ഉന്നതർക്കും പ്രത്യേക ആനുകൂല്യങ്ങളുമായി ഐസിഐസിഐ ബാങ്കും വീസയും ചേർന്ന് കോർപ്പറേറ്റ് സഫീറോ പ്രീ പെയ്ഡ് ഫോറക്സ് കാർഡ് അവതരിപ്പിച്ചു. മുൻനിര കാർഡുകൾക്കായുള്ള വീസയുടെ പ്രീമിയം സംവിധാനമായ വീസ ഇൻഫിനിറ്റിൻറെ പിന്തുണയുമായി ഏഷ്യയിൽ ഒരു ബാങ്ക് ഇതാദ്യമായാണ് പ്രീ പെയ്ഡ് കാർഡ് അവതരിപ്പിക്കുന്നത്.

ഉപഭോക്താക്കൾക്ക് കാർഡിൽ തൽക്ഷണം ഡിജിറ്റലായി ലോഡ് ചെയ്യുകയും ഉപയോഗിക്കുകയും ചെയ്യാം. അന്താരാഷ്ട്ര വിമാനത്താവള ലോഞ്ചുകളിൽ രണ്ടു കോംപ്ലിമെൻററി സന്ദർശനങ്ങൾ ഉൾപ്പെടെ 15,000 രൂപയിലേറെ മൂല്യമുള്ള ആനുകൂല്യങ്ങളാണ് കാർഡ് നൽകുന്നത്.

15 കറൻസികളിൽ ഇടപാടു നടത്തുന്നതിനുള്ള സൗകര്യവും കാർഡ് നൽകും. കറൻസികൾ സീറോ മാർക്ക് അപ്പ് ചാർജുമായി ഉപയോഗിക്കാം. ബാങ്കിൽ കറന്റ് അക്കൗണ്ടുള്ള സംരംഭകർ, പ്രൊപ്പറൈറ്റർമാർ എന്നിവർക്ക് കാർഡിനായി അപേക്ഷിക്കാം.

തങ്ങളുടെ ഫോറക്സ് കാർഡുകളുടെ ശ്രേണി വിപുലീകരിക്കാൻ വീസയുമായി സഹകരിക്കുന്നതിൽ ആഹ്ളാദമുണ്ടെന്ന് ഇതേക്കുറിച്ചു സംസാരിക്കവെ ഐസിഐസിഐ ബാങ്ക് കാർഡ്സ് ആന്റ് പെയ്മെന്റ് സൊലൂഷൻസ് മേധാവി വിപുൽ അഗർവാൾ പറഞ്ഞു. ഇന്ത്യൻ ബിസിനസുകളും കോർപ്പറേറ്റുകളും അന്താരാഷ്ട്ര തലത്തിലേക്കു വികസിക്കുമ്പോൾ ഒരു പ്രീമിയം ഫോറക്സ് കാർഡ് ആവശ്യമാണെന്നു തങ്ങൾ മനസിലാക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.

